| (ഡി) | വർഷം | നികുതി വരുമാനം | നികുതിയേതര വരുമാനം |
|---|---|---|---|
| | 1990-91 | 1,826.60 കോടി | 208.81 കോടി |
| | 1995-96 | 4,419.64 " | 535.49 " |
| | 1996-97 | 5,141.15 " | 513.80 " |
| | 1997-98 | 5,772.79 " | 552.11 " |
| | 1998-99 | 6,031.86 " | 557.66 " |
| | 1999-2000 | 6,728.72 " | 530.72 " |

**നികുതി പിരിവ്**

133 (424) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം ഓരോ നികുതിയിനത്തിലും എന്തു തുക പിരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് ഓരോ നികുതിയിനത്തിലും എന്തു തുക പിരിച്ചെടുത്തുവെന്നും ഇത് ലക്ഷ്യമിട്ട തുകയുടെ എത്ര ശതമാനം വരുമെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പ് സാമ്പത്തിക വർഷവും ഓരോ നികുതിയിനത്തിലും ഇതേ കാലയളവിൽ നടത്തിയ നികുതി പിരിവുമായി തുലനം ചെയ്ത് പുരോഗതി വ്യക്തമാക്കാമോ ;

(ഡി) ഏതെങ്കിലും തരത്തിലുള്ള ഉൽപ്പന്നങ്ങളുടെ വില വർദ്ധന ഈ പിരിവിന് സഹായമായിട്ടുണ്ടോയെന്നും എത്ര കണ്ട് അധിക വരുമാനം ഇതുവഴി സാദ്ധ്യമായി എന്നും വിശദമാക്കാമോ ;

(ഇ) ഏതെങ്കിലും നികുതികളിൽ മുൻകൂർ പിരിവ് ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് കാലയളവുവരെയുള്ള എന്തു തുകയ്ക്കുള്ള നികുതി അധികമായി പിരിച്ചെടുത്തുവെന്ന് ഓരോ നികുതിയിനവും തിരിച്ച് അറിയിക്കുമോ ;

(എഫ്) ഓരോ നികുതിയിനത്തിലും എന്തു തുക കുടിശ്ശികയായി പിരിച്ചെടുക്കാനുണ്ട് ;

(ജി) ഓരോ നികുതിയിനത്തിലും എന്തു തുകയ്ക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) നടപ്പു വർഷം ലക്ഷ്യമിട്ട നികുതിയിതര വരുമാനം എത്രയാണെന്നും അത് ഏത് അളവു വരെ പിരിച്ചെടുത്തുവെന്നും ലക്ഷ്യമിട്ട തുകയുടെ എത്ര ശതമാനമാണിതെന്നും വിശദമാക്കാമോ ;

(ഐ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ഓരോ നികുതി ഇനത്തിലും എന്തു തുക ലക്ഷ്യമിട്ടുവെന്നും എന്ത് തുക പിരിച്ചെടുത്തുവെന്നും ഇത് എത്ര ശതമാനം പിരിവാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

| | | |
|---|---|---|
| (എ) | വിൽപ്പന നികുതി | 4,516.90 കോടി രൂപ |
| | കാർഷികാദായ നികുതി | 32.00 കോടി രൂപ |
| | സ്റ്റാമ്പ്സ് രജിസ്ട്രേഷൻ | 469.14 കോടി രൂപ |
| | സ്റ്റേറ്റ് എക്സൈസ് | 802.96 കോടി രൂപ |
| | ഭൂനികുതി | 43.58 കോടി രൂപ |
| | വാഹന നികുതി | 460.85 കോടി രൂപ |
| | വിദ്യുച്ഛക്തി നികുതി | 80.21 രൂപ |

(ബി) നടപ്പു സാമ്പത്തിക വർഷത്തിലെ ഇത് സംബന്ധിച്ച അവസാന കണക്ക് ലഭ്യമല്ല.

(സി) നടപ്പ് സാമ്പത്തിക വർഷത്തെ അവസാന കണക്ക് ലഭ്യമല്ലാത്തതു കൊണ്ട് കഴിഞ്ഞ സാമ്പത്തിക വർഷത്തെ നികുതി പിരിവ് തുലനം ചെയ്യാൻ സാദ്ധ്യമല്ല.

(ഡി) കാലാകാലങ്ങളിൽ ഉൽപന്നങ്ങൾക്ക് ഉണ്ടാകുന്ന വില വർദ്ധന നികുതി പിരിവിന് സഹായമാകാറുണ്ട്. ഇതുവഴി എത്രകണ്ട് അധിക വരുമാനം ലഭിച്ചുവെന്ന് കൃത്യമായ കണക്ക് ലഭ്യമല്ല.

(ഇ) ഒരു ഇനത്തിലും മുൻകൂർ പിരിവ് നടത്താറില്ല. അതാതുവർഷം ഫിനാൻസ് ആക്ട് അനുസരിച്ച് പിരിക്കുന്ന പിരിവ് അതാത് വർഷത്തെ പിരിവായിട്ടാണ് കണക്കാക്കുന്നത്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) ചില കേസുകളിൽ സർക്കാരും ചിലതിൽ കോടതികളും, സ്റ്റേ അനുവദിക്കാറുണ്ട്. അതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

(എച്ച്) നടപ്പ് വർഷം ലക്ഷ്യമിട്ടിരുന്ന നികുതിയിതര വരുമാനം ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 830.81 കോടി രൂപയാണ്. ഈ വർഷം പിരിച്ചെടുത്തതിന്റെ കണക്ക് ഇപ്പോൾ ലഭ്യമല്ല.

(ഐ) വിശദാംശം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പിരിഞ്ഞ് കിട്ടുമെന്ന് പ്രതീക്ഷിച്ചത് (തുക കോടിയിൽ)

| വർഷം | വിൽപ്പന നികുതി | കാർഷികാദായ നികുതി | രജിസ്ട്രേഷൻ എക്സൈസ് | സ്റ്റേറ്റ് |
|---|---|---|---|---|
| 1995-1996 | 2,150.00 | 19.20 | 325.31 | 390.00 |
| 1996-1997 | 2,700.00 | 28.75 | 455.00 | 372.05 |
| 1997-1998 | 3,341.00 | 12.71 | 390.10 | 558.55 |
| 1998-1999 | 3,510.10 | 26.00 | 333.38 | 550.74 |
| 1999-2000 | 3,850.00 | 28.92 | 416.12 | 684.61 |
| 2000-2001 | 4,516.00 | 32.00 | 469.14 | 802.96 |

(ബഡ്ജറ്റ് എസ്റ്റിമേറ്റ്)

പിരിഞ്ഞു കിട്ടിയ തുക

| | | | | |
|---|---|---|---|---|
| 1995-1996 | 2,285.96 | 26.08 | 353.79 | 449.29 |
| 1996-1997 | 2,772.28 | 12.10 | 360.30 | 418.53 |
| 1997-1998 | 3,084.09 | 21.38 | 331.36 | 543.41 |
| 1998-1999 | 3,366.62 | 27.02 | 301.15 | 529.82 |
| 1999-2000 | 3,853.54 | 14.19 | 279.65 | 591.09 |

2000-2001 അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് ലഭ്യമല്ല.

## സംസ്ഥാനത്തിന്റെ ആഭ്യന്തര കടം

**134 (429)** ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1989-90 സാമ്പത്തിക വർഷം മുതൽ 2000-2001 സാമ്പത്തിക വർഷം വരെ സംസ്ഥാനത്തിന്റെ ആഭ്യന്തരകടം എത്ര വീതം ;

(ബി) ഇത് ഓരോ വർഷവും മുൻവർഷത്തെക്കാൾ എത്ര ശതമാനം വീതമുള്ള വർദ്ധനയാണ് രേഖപ്പെടുത്തിയിട്ടുള്ളത് ;

(സി) ആഭ്യന്തരകടത്തിന്റെ തിരിച്ചടവ് കഴിഞ്ഞ പത്തു വർഷങ്ങളിൽ എത്ര തുക വീതം ആയിരുന്നു. ഇത് ഓരോ വർഷവും മുൻവർഷത്തെക്കാൾ എത്ര ശതമാനത്തിന്റെ വ്യത്യാസം ഉണ്ട് ?

ഉത്തരം

| | | |
|---|---|---|
| (എ) | 1989-1990 | 928.19 കോടി രൂപ |
| | 1990-1991 | 1,130.62 കോടി രൂപ |
| | 1991-1992 | 2,162.62 കോടി രൂപ |
| | 1992-1993 | 1,694.15 കോടി രൂപ |
| | 1993-1994 | 1,734.68 കോടി രൂപ |

LIBRARY ARCHIVES Kerala Legislative Assembly